"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി സ്മിത വി.എസ്, ഓഫീസ് അറ്റെൻഡന്റ്, എറിയാട് **AMIUP SCHOOL**, തൃശൂർ എന്നവർ ഫയൽ ചെയ്ത **14450/2025** നമ്പർ റിട്ട് പെറ്റീഷനിൽ **08/04/2025** തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**4150/2026/GEDN** തീയതി,തിരുവനന്തപുരം, **24-06-2026**

---

പരാമർശം:-
1. ശ്രീമതി സ്മിത വി.എസ് -ന്റെ **27/01/2025** ലെ റിവിഷൻ ഹർജി. **(Ext. P9)**
2. **14450/2025** നമ്പർ റിട്ട് പെറ്റീഷനിൽ **08/04/2025** തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. കൊടുങ്ങല്ലൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **01.08.2025** തീയതിയിലെ **AEOKDR/406/2025-D** നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ എറിയാട് എ എം ഐ യുപി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.സ്മിത.വി.എസ് ഫയൽ ചെയ്ത **14450/2025** നമ്പർ റിട്ട് പെറ്റീഷനിൽ പരാമർശം **(2)** ലെ വിധിന്യായ പ്രകാരം, പെറ്റീഷണറുടെ **Ext.P9** റിവിഷൻ പെറ്റീഷൻ പരിശോധിച്ച് നാല് മാസത്തിനുള്ളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

**2.**തൃശൂർ എറിയാട് **AMIUP SCHOOL**-ലെ ഓഫീസ് അറ്റെൻഡന്റ് ശ്രീമതി.സ്മിത.വി.എസ്-ന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് അർഹതപ്പെട്ട സർവീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പരാമർശം **(1)** പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി

**3.**ടി വിഷയത്തിൽ കൊടുങ്ങല്ലൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം **(3)** പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എറിയാട് എ എം ഐ യുപി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ്മാരായ ശ്രീമതി.ടി.ഐ.ബീന, ശ്രീ.എ.എം.ഹുസൈൻ, ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.വി. എസ് .സ്മിത എന്നിവർ പ്രധാന അധ്യാപികയുടെ വ്യാജ ഒപ്പും സീലും ഉപയോഗിച്ച് കൊടുങ്ങല്ലൂർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും

സാലറി അക്കൗണ്ടിൽ നിന്നും ലോൺ എടുത്തതിനെ തുടർന്ന് മാനേജർ ജീവനക്കാർക്ക് വേലവിലക്ക് ഏർപ്പെടുത്തി. ശ്രീമതി വി എസ് സ്മിതയെ കെ ഇ ആർ അധ്യായം 14 എ ചട്ടം 65 അനുസരിച്ച് വേലവിലക്ക് പ്രാബല്യത്തിൽ വന്ന 23-02-2017 മുതൽ നിർബന്ധിത പെൻഷൻ നൽകി. കെ ഇ ആർ അധ്യായം 14 എ 65 ഉപചട്ടം 6 അനുസരിച്ച് മറ്റേതെങ്കിലും സ്ഥാപനത്തിൽ ജോലിക്ക് അയോഗ്യത കൽപ്പിക്കാത്ത വിധം വേലവിലക്ക് പ്രാബല്യത്തിൽ സേവനത്തിൽ നിന്ന് നീക്കം ചെയ്യും ടി ശിക്ഷ അധ്യായം 14 എ പ്രകാരം ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിക്ക് വിധേയമായും അച്ചടക്ക നടപടി തീർപ്പാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിക്കായി മാനേജർ സമർപ്പിക്കുകയുണ്ടായി.

4.എന്നാൽ ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജറുടെ ഈ ആവശ്യം നിരസിച്ച് ഉത്തരവായി. മാനേജർ നൽകിയ കഠിനശിക്ഷ നടപ്പിലാക്കുന്നതിന് മുൻകൂർ അനുമതി വേണമെന്ന ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയ്ക്ക് എതിരെ മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. തുടർന്ന് സർക്കാർ ഈ വിഷയം പരിശോധിച്ചു. സർക്കാരിന്റെ സഉ (സാധാ) നം. 4612/2018 പൊവിവ പ്രകാരം ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31-10-2017ലെ ബി1/ 7783/2018 നമ്പർ ഉത്തരവിലെ നിരീക്ഷണങ്ങളും കണ്ടെത്തലുകളും വസ്തുതാപരമാണെന്ന് കണ്ടെത്തുകയും അത് അംഗീകരിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തു. തുടർന്ന് 18-01-2019 ൽ ശ്രീമതി.സ്മിത.വി.എസ് ജോലിയിൽ തിരികെ പ്രവേശിച്ചു. മാനേജർ ഈ ഉത്തരവിനെതിരെ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 39902/2018 മേൽ അന്തിമ വിധി ലഭ്യമായിട്ടില്ല.

5.ശ്രീമതി.സ്മിത. വി. എസ് സസ്പെൻഡ് ചെയ്യപ്പെട്ട് പുറത്തു നിന്ന കാലഘട്ടമായ 23-2-2017 മുതൽ 18-1-2019 വരെയുള്ള കാലഘട്ടത്തിൽ ഉപജീവനബത്ത അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലഘട്ടം ക്രമീകരിക്കപ്പെടാത്തതിനാൽ വാർഷിക വേതനവർദ്ധനവ്, ഗ്രേഡ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടില്ല. ഈ ജീവനക്കാർക്കെതിരെ Cr. No. 459/2017 u/s 468,471,420 r/w 34 IPC പ്രകാരം കേസ് കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും അന്വേഷണം പൂർത്തിയാക്കി 31-08-2019 തീയതി കോടതിയിൽ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും കൊടുങ്ങല്ലൂർ JFCM കോടതിയിൽ വിചാരണയിലുമാണ്. ശ്രീമതി

സ്മിത വി എസ് സസ്പെൻഡ് ചെയ്യപ്പെട്ട് പുറത്തു നിന്ന കാലഘട്ടമായ 23-02-2017 മുതൽ 18-01-2019 വരെയുള്ള കാലഘട്ടം ക്രമീകരിക്കുന്ന മുറയ്ക്ക്

അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ് എന്ന് AEO റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6.സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി സ്മിത വി.എസ് ന്റെ 23-02-2017 മുതൽ 13-08-2017 വരെയുള്ള സസ്പെൻഷൻ കാലയളവും, 14-08-2017 മുതൽ 18-11-2018 വരെയുള്ള സർവ്വീസിൽ നിന്നും നീക്കം ചെയ്തിരുന്ന കാലയളവും (സസ്പെൻഷൻ കാലയളവ് ഉപജീവന ബത്തയിൽ നിജപ്പെടുത്തി) പെൻഷന് മാത്രം ഡ്യൂട്ടിയായും, 19-11-2018 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-126 പ്രകാരം പ്രവേശന കാലം അനുവദനീയമല്ലാത്തതിനാൽ KSRs Part I Rule-56B(9) ന് ചുവടെയുള്ള Note-2 പ്രകാരം സസ്പെൻഷൻ തീയതിയ്ക്ക് മുൻപ് ക്രഡിറ്റിലുള്ള അർഹമായതും അനുവദനീയവുമായ അവധിയായും ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7.അപ്രകാരം ശ്രീമതി.സ്മിത.വി.എസ് ഫയൽ ചെയ്ത 14450/2025 നമ്പർ റിട്ട് പെറ്റീഷനിലെ ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം അനുപാലനം ചെയ്തിരിക്കുന്നു. സസ്പെൻഷൻ കാലയളവിന്റെ മേൽ ക്രമീകരണം WP(C)No.39902/2018, ടിയാളിനെതിരായ ക്രൈം കേസ്സ് എന്നിവയിലെ അന്തിമ വിധിന്യായം എന്നിവയ്ക്ക് വിധേയമായി പുനഃക്രമീകരണത്തിന് വിധേയമാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി).
ശ്രീമതി സ്മിത വി.എസ്, ഓഫീസ് അറ്റെൻഡന്റ്, AMI UP SCHOOL, എറിയാട് പി ഒ, തൃശൂർ - 680 666.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊടുങ്ങല്ലൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (DA3/22/2026-G.EDN)

ഉത്തരവിൻ പ്രകാരം
Signed by Dhanya M B
Date: 24-06-2026 15:10:18
സെക്ഷൻ ഓഫീസർ

പകർപ്പ് :പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.